# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/206/2017 2017 ഒക്ടോബർ 05

## <u>പത്രക്കുറിപ്പ്</u>

### അപേക്ഷാ തീയതി

ഒന്നാം വർഷ എം.എസ്.സി. മെഡിക്കൽ അനാട്ടമി (2016 അഡ്മിഷൻ – റഗുലർ & 2016ന് മുമ്പുള്ള അഡ്മിഷൻ – സപ്ലിമെന്ററി) ഡിഗ്രി പരീക്ഷ ഒക്ടോബർ 20ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഒക്ടോബർ 10 വരെയും 50 രൂപ പിഴയോടെ 11 വരെയും 500 രൂപ സൂപ്പർഫൈനോടെ 13 വരെയും സ്വീകരിക്കും.

അവസാനവർഷ എം.എസ്.സി. മെഡിക്കൽ മൈക്രോ ബയോളജി (2015 അഡ്മിഷൻ – റഗുലർ & 2015ന് മുമ്പുള്ള അഡ്മിഷൻ – സപ്ലിമെന്ററി) പരീക്ഷ ഒക്ടോബർ 20ന് ആരംഭിക്കും. അപേക്ഷകൾ പിഴ കൂടാതെ ഒക്ടോബർ 10 വരെയും 50 രൂപ പിഴയോടെ 11 വരെയും 500 രൂപ സൂപ്പർഫൈനോടെ 13 വരെയും സ്വീകരിക്കും.

### പ്രാക്ടിക്കൽ

2017 മെയ് മാസം നടത്തിയ നാലാം സെമസ്റ്റർ എം.സി.ജെ. (അഫിലിയേറ്റഡ് കോളേജുകൾ) റെഗുലർ/സപ്ലിമെന്ററി പരീക്ഷയുടെ പ്രാക്ടിക്കൽ ഒക്ടോബർ 10 മുതൽ നടത്തും. വിശദമായ സമയക്രമം സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷാഫലം

2017 മെയ് മാസം നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി. ഫുഡ് ടെക്നോളജി ആന്റ് ക്വാളിറ്റി അഷ്വറൻസ് (റെഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ ഒക്ടോബർ 19 വരെ സ്വീകരിക്കും.

2017 മെയ് മാസം നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി. ഇൻഫർമേഷൻ ടെക്നോളജി (റഗുലർ) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ ഒക്ടോബർ 19 വരെ സ്വീകരിക്കും.

2017 മെയ് മാസം നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി. അപ്ലൈഡ് മൈക്രോ ബയോളജി (റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ ഒക്ടോബർ 19 വരെ സ്വീകരിക്കും.

### മനുഷ്യാവകാശ സംരക്ഷണം സാമൂഹ്യ സുസ്ഥിരതയ്ക്ക് അനിവാര്യം: ഡോ. ഷീന ഷുക്കൂർ

മനുഷ്യാവകാശ സംരക്ഷണം സാമൂഹ്യ സുസ്ഥിരതയ്ക്ക് അനിവാര്യമാണെന്ന് ഡോ. ഷീന ഷുക്കൂർ അഭിപ്രായപ്പെട്ടു. എം.ജി. സർവ്വകലാശാലാ ഗാന്ധിയൻ പഠനവകുപ്പിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന ഗാന്ധി ജയന്തി വാരാഘോഷങ്ങളുടെ ഭാഗമായുള്ള പ്രഭാഷണ പരമ്പര ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മുൻ എം.ജി. സർവ്വകലാശാല പ്രോ വൈസ് ചാൻസലർ ഡോ. ഷീന ഷുക്കൂർ. ‘‘സമഗ്ര ആരോഗ്യ ദർശനം ഗാന്ധിയൻ വീക്ഷണത്തിൽ’’ എന്ന വിഷയത്തിൽ

ഡോ. ജി. ജി. ഗംഗാധരൻ, ഡോ. ഐസക് മത്തായി നൂറനാൽ എന്നിവരും, 'സമാധാനത്തിന് യുദ്ധം അനിവാര്യമോ' എന്ന വിഷയത്തിൽ കേന്ദ്ര സർവ്വകലാശാലാ ഡീൻ പ്രൊ. എം.എസ്. ജോണും പ്രഭാഷണങ്ങൾ നടത്തി.

ഗാന്ധിജയന്തി വാരാഘോഷങ്ങളുടെ ഭാഗമായി കെ. ഇ. മാമ്മൻ നഗറിൽ (എം.ജി. സർവ്വകലാശാലാ ഗാന്ധിയൻ പഠന വിഭാഗം) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ഗാന്ധി സെന്റർ ഫോർ റൂറൽ ഡെവലപ്മെന്റ്, അനുഗ്രഹ സ്പെഷ്യൽ സ്കൂൾ, കണിക പബ്ലിക്കേഷൻസ്, സെന്റർ ഫോർ യോഗ ആന്റ് നാച്ചുറോപ്പതി, അനുഗ്രഹ ഹെർബൽ പ്രോഡക്ട്സ് എന്നിവയുടെ പ്രദർശന സ്റ്റാളുകളും ദേശീയ ചലച്ചിത്ര പുരസ്കാര ജേതാവ് മാസ്റ്റർ മിനോണിന്റെയും കുടുംബത്തിന്റെയും നേതൃത്വത്തിലുള്ള കലകളുടെ കൂടാരവും പൊതുജനങ്ങൾക്കായി ക്രമീകരിച്ചിട്ടുണ്ട്.

വാരാചരണത്തിന്റെ ഭാഗമായി ഇന്ന് (ഒക്ടോബർ 6) 'അഹിംസ, സമാധാനം, സുസ്ഥിര വികസനം' എന്ന വിഷയത്തിൽ ഗാന്ധിയൻ പഠനവിഭാഗം മുൻ പ്രൊഫസർ എ.വി. ജോസഫിന്റെ പ്രഭാഷണവും വികാസ്പീഡിയ കേരളയുടെ ഡിജിറ്റൽ ഇന്ത്യ സെമിനാറും ഗാന്ധി ഭവനിൽ നടക്കും.

**അടിക്കുറിപ്പ്**

**കെ.ഇ. മാമ്മൻ നഗറിൽ (എം.ജി. സർവ്വകലാശാലാ ഗാന്ധിയൻ പഠന വിഭാഗം) നടത്തുന്ന ഗാന്ധിജയന്തി വാരാചരണത്തിന്റെ ഭാഗമായുള്ള പ്രഭാഷണ പരമ്പര ഉദ്ഘാടനം ചെയ്ത് ഡോ. ഷീന ഷുക്കൂർ പ്രസംഗിക്കുന്നു**

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**